# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഒക്ടോബർ 27

# വാർത്താക്കുറിപ്പ്

## ശാസ്ത്രജ്ഞരുടെ റാങ്ക് പട്ടികയിൽ ഡോ. സാബു തോമസ് വീണ്ടും ഒന്നാമത്

അമേരിക്കയിലെ സ്റ്റാൻഫോർഡ് സർവ്വകലാശാല നടത്തിയ ലോക ശാസ്ത്രജ്ഞരുടെ പട്ടികയിൽ മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറും പൊളിമർ സയൻസ്, നാനോ സയൻസ് ആൻ്റ് ടെക്നോളജി മേഖലകളിലെ പ്രമുഖ ശാസ്ത്രജ്ഞനും ഗവേഷകനുമായ ഡോ. സാബു തോമസിന് കേരളത്തിൽ നിന്നുള്ള ശാസ്ത്രജ്ഞരിൽ ഒന്നാം സ്ഥാനം. സംസ്ഥാനത്ത് നിന്ന് ആകെ 35 പേരാണ് പട്ടികയിൽ ഇടം പിടിച്ചിട്ടുള്ളത്. ലോകത്തെ ഏറ്റവും ഉന്നതരായ രണ്ട് ശതമാനം ശാസ്ത്രജ്ഞരിൽ ഒരാളായ അദ്ദേഹത്തിന് ലോക റാങ്കിങ്ങിൽ പോളിമർ സയൻസ് വിഭാഗത്തിൽ 88-ാം സ്ഥാനം നേടാൻ കഴിഞ്ഞു. ഈ വിഭാഗത്തിൽപ്പെട്ട ശാസ്ത്രജ്ഞരിൽ ഇന്ത്യയിൽ രണ്ടാം സ്ഥാനമാണ് ഡോ. സാബു തോമസിനുള്ളത്.

സ്റ്റാൻഫോർഡ് സർവ്വകലാശാലയിലെ ഡോ. ജോൺ പി.എ. ലോന്നിഡിസിൻ്റെ നേതൃത്വത്തിലുള്ള വിദഗ്ധരാണ് റാങ്ക് പട്ടിക തയ്യാറാക്കിയത്. 1090 ശാസത്ര പ്രബന്ധങ്ങളാണ് ഡോ. സാബു തോമസിൻ്റെതായി ഇതിനകം പുറത്ത് വന്നിട്ടുള്ളത്. ശാസ്ത്ര മേഖലയിൽ ഇതിനകം നേടിയിട്ടുള്ള ബഹുമതികൾ, പ്രബന്ധങ്ങൾ, പ്രസിദ്ധീകൃതമായ ശാസ്ത്ര ഗ്രന്ഥങ്ങൾ, ലേഖനങ്ങൾ, രജിസ്റ്റർ ചെയ്തിട്ടുള്ള പേറ്റൻ്റുകൾ തുടങ്ങിയവയെല്ലാം വിശകലനം ചെയ്തതിൻ്റെ അടിസ്ഥാനത്തിലാണ് സർവ്വകലാശാല ഈ റാങ്ക് പട്ടിക പുറത്തിറക്കിയിട്ടുള്ളത്. ഇത്തരത്തിൽ ലോകത്തിലെ ഒരു ലക്ഷം ശാസ്ത്രജ്ഞരുൾപ്പെടുന്ന ഒരു ഡാറ്റാ ബേസും സ്റ്റാൻഫോർഡ് സർവ്വകലാശാല തയ്യാറാക്കിയിട്ടുണ്ട്. ശാസ്ത്രജ്ഞരെ അവരുടെ അവരുടെ ഗവേഷണ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ 22 മുഖ്യശാഖകളായും അവയ്ക്ക് കീഴിൽ 176 ഉപശാഖകളായും തിരിച്ചാണ് ഈ ഡാറ്റാബേസ് തയ്യാറാക്കിയിട്ടുള്ളത്.

(പി.ആർ.ഒ/39/1185/2021)

## അപേക്ഷാതിയതി

നാലാംസെമസ്റ്റർ ബി വോക് (2018, 2017, 2016, 2015 അഡ്മിഷൻസ് - സപ്ലിമെൻ്ററി/ 2014 അഡ്മിഷൻ - മേഴ്സിചാൻസ്- പഴയ സ്കീം) പരീക്ഷകൾക്ക് നവമ്പർ 8 വരെ പിഴ കൂടാതെയും നവമ്പർ 9 ന് 525 രൂപ പിഴയോട് കൂടിയും നവമ്പർ 10 ന് 1050 രൂപാ സൂപ്പർ ഫൈനോട് കൂടിയും അപേക്ഷിക്കാം. പേപ്പറൊന്നിന് 35 രൂപ നിരക്കിൽ (ഒരു സെമസ്റ്ററിന് പരമാവധി 210 രൂപാ )സി.വി. ക്യാംപ് ഫീസും അടയ്ക്കണം. ഇതുകൂടാതെ, ആദ്യത്തെ തവണ മേഴ്സിചാൻസായി പരീക്ഷ എഴുതുന്നവർ 5250 രൂപ സ്പെഷൽ ഫീസായി അടയ്ക്കണം. ഇതിനു പുറമേ എല്ലാ വിദ്യാർത്ഥികളും ഈ ലിങ്കിൽ ഉള്ള ഗൂഗിൾ ഫോമും പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ് – https://forms.gle/NSSBf2qZ36h2UoNc9

(പി.ആർ.ഒ/39/1186/2021)

## സ്പോട്ട് അഡ്മിഷൻ ഇന്ന്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് നടത്തുന്ന സോഷ്യൽ വർക് ഇൻ ഡിസബിലിറ്റി സ്റ്റഡീസ് ആൻഡ് ആക്ഷൻ വിഭാഗത്തിലുള്ള ബിരുദാനന്തര ബിരുദ (എം.എ.എസ്.ഡബ്ല്യു.ഡി.എസ്) കോഴ്സിൻറെ പുതിയ ബാച്ചിൽ എസ്.സി വിഭാഗത്തിൽ രണ്ടും ഒ.ഇ.സി, മുസ്ലിം, എൽ.സി വിഭാഗങ്ങളിൽ ഓരോ സീറ്റും വീതവും ഒഴിവുണ്ട്. താല്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഇന്ന് (ഒക്ടോബർ 28) രാവിലെ 10:30 ന് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നേരിട്ട് ഹാജരാകണം. മഹാത്മാഗാന്ധി സർവകലാശാല അംഗീകരിച്ചിട്ടുള്ള ബിരുദമാണ് പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യത. മുസ്ലിം, എൽ.സി വിഭാഗങ്ങളിൽ പെട്ട വിദ്യാർത്ഥികൾ നിശ്ചിത സമയത്ത് ഹാജരാകാത്തപക്ഷം പ്രസ്തുത ഒഴിവുകളിലേക്ക് ഒക്ടോബർ 29 ന് രാവിലെ 10:30 ന് ജനറൽ വിഭാഗം വിദ്യാർത്ഥികളെ പരിഗണിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0481 2731034.

(പി.ആർ.ഒ/39/1187/2021)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഫുഡ് ടെക്നോളജി ആൻഡ് ക്വാളിറ്റി അഷ്വറൻസ് വകുപ്പിൽ എം.എസ് സി ഫുഡ് സയൻസ് ആൻഡ് ടെക്നോളജി കോഴ്സിൻറെ ബാച്ചിൽ(2021 അഡ്മിഷൻ) ST വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 29ന് 3:30ന് മുൻപായി AdAXI സെക്ഷനിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 9497664697.

(പി.ആർ.ഒ/39/1188/2021)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് റോബോട്ടിക്സ് വകുപ്പിൽ എം.എസ് സി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേർണിംഗ് കോഴ്സിൻറെ ബാച്ചിൽ (2021 അഡ്മിഷൻ) SC,ST വിഭാഗത്തിൽ ഓരോ സീറ്റ് വീതം ഒഴിവുണ്ട്.അർഹരായവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 28ന് 3:30ന് മുൻപായി AdAXI സെക്ഷനിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 9446459644.

(പി.ആർ.ഒ/39/1189/2021)

## പരീക്ഷഫലം

ഐ.ഐ.ആർ.ബി.എസ് 2021 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ഇന്റർഡിസിപ്ലിനറി മാസ്റ്റർ ഓഫ് സയൻസ് (സയൻസ് - ഫാക്കൽറ്റി ) സി.എസ്.എസ്. പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു

(പി.ആർ.ഒ/39/1190/2021)

2021 ജനുവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.കോം. (മോഡൽ 1, 2, 3 - 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 10 വരെ ഓൺലൈനായി അപേക്ഷിക്കാം. പുനർമൂല്യ നിർണയത്തിന് പേപ്പറൊന്നിന്ന് 370 രൂപയും സൂക്ഷ്മപരിശോധനയ്ക്ക് പെപ്പറൊന്നിന് **160** രൂപയുമാണ് ഫീസ്. കൂടുതൽ വിവരങ്ങൾ www.mgu.ac.in വെബ്സൈറ്റിലെ Students Portal എന്ന ലിങ്കിൽ ലഭിക്കും. (പി.ആർ.ഒ/39/1191/2021)

2019 നവമ്പറിൽ നടത്തിയ എം.എസ്.സി - ഫിഷറി ബയോളജി ആൻഡ് അക്വാകൾച്ചർ (2019 അഡ്മിഷൻ റഗുലർ) ഒന്നാം സെമസ്റ്റർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . ഉത്തരക്കടലാസുകളുടെ പുനർ മൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ നവമ്പർ 9 വരെ സർവ്വകലാശാലയിൽ നേരിട്ട് സമർപ്പിക്കാം. പുനർമൂല്യ നിർണയത്തിന് പേപ്പറൊന്നിന്ന് 370 രൂപയും സൂക്ഷ്മപരിശോധനയ്ക്ക് പേപ്പറൊന്നിന് 160 രൂപയുമാണ് ഫീസ്. അപേക്ഷ ഫോറം വെബ് സൈറ്റിൽ ലഭ്യമാണ്. (പി.ആർ.ഒ/39/1192/2021)

## ബിരുദ പ്രവേശനം - രണ്ടാം സപ്ലിമെൻ്ററി അലോട്ട്മെൻ്റ്

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളജുകളിലെ ഒന്നാം സെമസ്റ്റ ബിരുദ പ്രവേശനത്തിനുള്ള രണ്ടാം സപ്ലിമെൻ്ററി അലോട്ട്മെൻ്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഇതിൽ പ്രവേശനം ലഭിച്ചവർ നവമ്പർ ഒന്നിന് വൈകിട്ട് നാല് മണിയ്ക്ക് മുൻപ് അതത് കോളജുകളിലെത്തി പ്രവേശനം ഉറപ്പാക്കണം.

(പി.ആർ.ഒ/39/1193/2021)

രണ്ടാം സപ്ലിമെൻററി അലോട്ട്മെൻ്റിൽ താത്ക്കാലിക പ്രവേശനം അനുവദനീയമല്ല. മുൻ അലോട്ട്മെൻറുകളിലോ ക്വാട്ടാ അടിസ്ഥാനത്തിലോ അലോട്ട്മെൻ്റ് ലഭിച്ചവർക്ക് ഈ ലിസ്റ്റിൽ അലോട്ട്മെൻ്റ് ലഭിച്ചിട്ടുണ്ടെങ്കിൽ അവർ നിർബ്ബന്ധമായും രണ്ടാം സപ്ലിമെൻ്ററി അലോട്ട്മെൻ്റിൽ സീറ്റ് ലഭിച്ച കൊളജിൽ പ്രവേശനം ഉറപ്പിക്കേണ്ടതാണ്.

(പി.ആർ.ഒ/39/1194/2021)

## പരീക്ഷാ നവമ്പർ 8 മുതൽ

ആറാം സെമസ്റ്റർ ബി.വോക് (2018 അഡ്മിഷൻ - റഗുലർ - പുതിയ സ്കീം) പരീക്ഷകൾ നവമ്പർ എട്ടിന് ആരംഭിക്കും. വിശദമായ ടൈംടേബിൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ

(പി.ആർ.ഒ/39/1195/2021)

## ടൈംടേബിൾ

മൂന്ന്, നാല്, അഞ്ച് സെമസ്റ്റർ ബി.ടെക് (2015 മുതലുള്ള അഡ്മിഷൻ - സപ്ലിമെൻ്ററി/ഇംപ്രൂവ്മെൻ്റ് ) പരീക്ഷകളുടെ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ (www.mgu.ac.in) പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1196/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ